# പത്രക്കുറിപ്പ്

**കരിക്കകം ശ്രീ ചാമുണ്ഡി ക്ഷേത്രത്തിലെ പൊങ്കാലയോടനുബന്ധിച്ച് 28.03.2018രാവിലെ 5 മണി മുതൽ വൈകി 05.00 മണി വരെ കഴക്കൂട്ടം-കോവളം ബൈപ്പാസ് റോഡിൽ താഴെപ്പറയുന്ന ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.**

1. **കിഴക്കേക്കോട്ട, തമ്പാനൂർ ഭാഗങ്ങളിൽ നിന്നും വന്ന് ടി ഭാഗങ്ങളിലേയ്ക്ക് സർവിസ് നടത്തേണ്ട കെ.എസ്.ആർ.റ്റി.സി ബസ്സുകൾ ചാക്ക ഭാഗത്ത് തിരക്കു അനുഭവപ്പെടുന്ന സമയം മുതൽ പേട്ട പോലീസ് സ്റ്റേഷൻ - കണ്ണമ്മൂല - കുമാരപുരം - പൂന്തി റോഡ് കിംസ് - വെൺപാലവട്ടം - വേൾഡ് മാർക്കറ്റ് ജംഗ്ഷനിൽ വന്ന് കരിക്കകം ക്ഷേത്രത്തിൻെറ മുൻവശത്തുകൂടി ചാക്ക ബൈപ്പാസ് ജംഗഷൻ വഴി കിഴക്കേക്കോട്ട, തമ്പാനൂർ ഭാഗത്തേയ്ക്ക് പോകേണ്ടതാണ്. ഈ സമയം ചാക്ക ജംഗ്ഷനിൽ നിന്നും കഴക്കൂട്ടം ഭാഗത്തേയ്ക്ക് വാഹനങ്ങളെ അനുവദിയ്ക്കുന്നതല്ല.** ടി വാഹനങ്ങൾ ഈഞ്ചയ്ക്കൽ കല്ലുംമ്മൂട്, പൊന്നറപ്പാലം, വലിയതുറ, ശംഖുമുഖം, വെട്ടുകാട് വഴിയോ, ആൾസെയിൻസ് വേളി തുമ്പ വഴിയോ, പേട്ട, കുമാരപുരം, മെഡിക്കൽ കോളേജ്, ശ്രീകാര്യം വഴിയോ, പാറ്റൂർ, ജനറൽ ഹോസ്പിറ്റൽ, ആശാൻ സ്ക്വയർ, പാളയം, പട്ടം, ഉള്ളൂർ , ശ്രീകര്യം വഴിയോ കഴക്കൂട്ടം ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.

2. **പൊങ്കാല കഴിഞ്ഞു ഭക്തജനങ്ങൾക്ക് പോകുന്നതിനായുള്ള കെ.എസ്.ആർ.റ്റി.സി. ബസ്സുകൾ നേരത്തേ തന്നെ ആനയറ കെ.എസ്.ആർ.റ്റി.സി ഗാരേജ് മുതൽ ടോൾ ഗേറ്റ് ഭാഗങ്ങളിലേയ്ക്കോ വെൺപാലവട്ടം കഴക്കൂട്ടം റോഡിൻെറ പടിഞ്ഞാറു വശത്ത് മാർഗ്ഗ തടസ്സം കൂടാതെ ഒതുക്കി നിർത്തി കഴക്കൂട്ടം, ആറ്റിങ്ങൽ ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.**

3. **പൊങ്കല കഴിഞ്ഞു കിഴക്കേക്കോട്ട, തമ്പാനൂർ, കോവളം ഭാഗത്തേക്കു പോകുന്നതിനായുള്ള കെ.എസ്.ആർ.റ്റി.സി. ബസ്സുകൾ നേരത്തേ തന്നെ ലോർഡ്സ് ബൈപ്പാസ് ജഗ്ഗ്ഷനിലെ റോഡിൽ എത്തി പാർക് ചെയ്ത് ആളെ എടുത്തു ചാക്ക ഭാഗത്തേയ്ക്ക് പോകേണ്ടതാണ്** ഈ സമയം മുക്കോലയ്ക്കൽ ഭാഗത്തുനിന്നും ചാക്ക ഭാഗത്തേയ്ക്ക് മറ്റു വാഹനങ്ങൾക്ക് നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്. എയർപ്പോർട്ടിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ മുക്കോലയ്ക്കലിൽ നിന്നും തുമ്പ പോലീസ് സ്റ്റേഷനു മുൻവശം വഴി വേളി, മാധവപുരം, ആൾസെയിൻസ് വഴി പോകേണ്ടതാണ്. മറ്റു വാഹനങ്ങൾ കഴക്കുട്ടത്തുനിന്നും ശ്രീകാര്യം വഴിയോ മുക്കോലയ്ക്കലിൽ നിന്നും കുളത്തൂർ, ചാവടിമുക്ക്, ശ്രികാര്യം വഴി പോകാവുന്നതാണ്. കോവളം ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ കഴക്കുട്ടത്തുനിന്നും ബീച്ച് റോഡുവഴി ആൾസെയിൻസ്, ശംഖുമുഖം, വലിയതുറ, പൂന്തുറ വഴി പോകാവുന്നതാണ്.

4. കോവളം ഭാഗത്തുനിന്നും ആറ്റിങ്ങൽ ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ തിരുവല്ലം മണക്കാട്, കിഴക്കേക്കോട്ട, പാളയം, പട്ടം, ഉള്ളൂർ, ശ്രീകാര്യം വഴിയോ, പൂന്തുറ, വലിയതുറ, ശംഖുമുഖം, വെട്ടുകാട്, ആൾസെയിൻസ്, വേളി, തുമ്പ, കഴക്കൂട്ടം വഴിയോ, തുമ്പ, പുത്തൻ തോപ്പ്, പുതുക്കുറിച്ചി, അഴൂർ, ചിറയിൻകീഴ് വഴിയോ പോകാവുന്നതാണ്.

5. കഴക്കൂട്ടം ഭാഗത്തു നിന്നും തമ്പാനൂർ, കിഴക്കേക്കോട്ട ഭാഗത്തേയ്ക്ക് പോകുന്ന വാഹനങ്ങൾ കഴക്കൂട്ടം - ശ്രീകാര്യം - ഉള്ളൂർ വഴി പോകേണ്ടതാണ്.

6. **ചാക്ക, ഭാഗത്തുനിന്നും കരിക്കകം ക്ഷേത്ര ഭാഗത്തേയ്ക്കും, വേൾഡ് മാർക്കറ്റ് ജംഗ്ഷനടുത്തുള്ള വാഴവിള പാലത്തിൽ നിന്നും ക്ഷേത്രത്തിലേയ്ക്കും, ശ്രീരാഗം ലൈൻ, പമ്പ് ഹൗസ്, ഗണപതി കോവിൽ ഭാഗങ്ങളിൽ നിന്നും ക്ഷേത്ര ഭാഗത്തേയ്ക്ക് പൊങ്കാലയിടുന്ന ഭക്തജനങ്ങളെ മാത്രമേ അനുവദിക്കൂ. വാഹനങ്ങൾ ഈ പോയിൻറിൽ നിന്നും ക്ഷേത്രത്തിലേയ്ക്ക് കടത്തി വിടുന്നതല്ല.**